(സി) ഇത് സംബന്ധിച്ച് എത്ര പേർക്കെതിരെ കേസ്സെടുത്തു.

(ഡി) ഈ കേസ് പിൻവലിക്കാൻ കോടതിയുടെ അനുവാദം തേടുകയുണ്ടായോ ;

(ഇ) എങ്കിൽ കോടതി അതിന് അനുവാദം നൽകിയോ ;

(എഫ്) ഇല്ലാത്തപക്ഷം ഈ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കല്ലേറുണ്ടായി.

(ബി) ആറു പോലീസുകാർക്ക് പരിക്കേറ്റു.

(സി) 46 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

(ഡി) അനുവാദം തേടുകയുണ്ടായി.

(ഇ & എഫ്) കേസിന്റെ വിചാരണ ഇപ്പോൾ നടന്നുവരികയാണ്.

പോലീസുകാരുടെ പാർപ്പിട നിർമ്മാണം

58 (3248) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ പോലീസുകാർക്ക് പാർപ്പിടം നിർമ്മിക്കുന്ന പണി തുടങ്ങിയത് എന്നാണ് ;

(ബി) പാർപ്പിട നിർമ്മാണം നടത്താൻ ഏതെങ്കിലും പോലീസ് ഡ്രൈവറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(സി) പോലീസ് സ്റ്റേഷനുകളിൽ പോലീസ് ഡ്രൈവർമാർ ഇല്ലാത്തതിനാൽ പോലീസുകാർക്ക് ഡ്രൈവറുടെ ഡ്യൂട്ടി ചെയ്യാൻ അധികാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വയനാട് ജില്ലയിലെ എ.ആർ.ക്യാമ്പിൽ പോലീസുകാർക്ക് ആദ്യമായി ക്വാർട്ടേഴ്സ് നിർമ്മാണം ആരംഭിച്ചത് 1988-ൽ ആണ്. പുതിയ ക്വാർട്ടേഴ്സുകളുടെ നിർമ്മാണം ആരംഭിച്ചത് 1998-ൽ ആണ്.

(ബി) ഇല്ല.

(സി) പോലീസ് സ്റ്റേഷനുകളിൽ ഏതെങ്കിലും സാഹചര്യത്തിൽ പോലീസ് ഡ്രൈവർമാരുടെ അഭാവം ഉണ്ടായാൽ അത്തരം സാഹചര്യത്തിൽ അടിയന്തിര ഡ്യൂട്ടി ചെയ്യുന്നതിലേക്കായി വാഹനം ഓടിക്കുവാൻ നിയമാനുസൃതം ലൈസൻസുള്ള പോലീസുകാരുടെ സേവനം ഉപയോഗിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly